# കത്തെഴുത്ത്




**അഷ്റഫ് കവ്വായി, ഒമാൻ /**

## *പ്രബോധനം* കേസരിക്ക് പഠിക്കുകയാണോ?

*മാതൃഭൂമി* വാരികയിൽ വന്ന കഥ വിഷയമാക്കി *പ്രബോധന*ത്തിൽ വന്ന ബഷീർ തൃപ്പനച്ചിയുടെ ലേഖനം, വാരികയുടെ പ്രബോധനപരമായ ശൈലിക്കു പകരം പ്രകോപന ശൈലിയായി എന്ന് കാണാതെ വയ്യ. കഥാകാരിയെയും അച്ചടിച്ചുവന്ന വാരികയെയും സംഘ്പരിവാറാക്കാൻ ലേഖകൻ കാണിച്ച ധൃതി ഒട്ടും ശരിയായില്ല. *പ്രബോധനം കേസരി*ക്ക് പഠിക്കുകയാണോ? *കേസരി* വിഷയം കൈകാര്യം ചെയ്യുംപോലെ *പ്രബോധന*വും ചെയ്താൽ പിന്നെ *പ്രബോധന*ത്തിന്റെ പ്രസക്തിയെന്ത്?

പി. ഗോവിന്ദപ്പിള്ള ഇസ്‌ലാമിനെ പറ്റി പറഞ്ഞത് *മാതൃഭൂമി* വാരികയിൽ വന്നപ്പോൾ *കേസരി*, *മാതൃഭൂമി* പാകിസ്താന്റെ പണം വാങ്ങി എന്നെഴുതിയത് പോലെ ആയി ഇതും. ഇന്ദുമേനോൻ എന്ന കഥാകാരിയെ 'സംഘി'യാക്കുന്നതിന് മുമ്പ് അവരുടെ മറ്റു കഥകളും ലേഖകൻ വായിക്കണമായിരുന്നു. 'മരണവേട്ട' എന്ന വിവാദ കഥക്ക് മുമ്പ് അതേ പ്രമേയം ദിഗംബരൻ എന്ന പേരിൽ സംഘ്പരിവാർ വർഗീയതയെ പ്രമേയമാക്കി എഴുതിയിരുന്നു. അന്നില്ലാത്ത വിമർശനം മുസ്‌ലിം പശ്ചാത്തലത്തിലുള്ള കഥക്ക് ഉണ്ടാവുമ്പോൾ മുസ്‌ലിംകൾ എല്ലാവരും ഒന്നും സഹിക്കാൻ വയ്യാത്ത അസഹിഷ്ണുക്കൾ എന്ന് വരില്ലേ? അത് *പ്രബോധനം* വഴിയാകുമ്പോൾ ആവിഷ്കാര സ്വാതന്ത്ര്യത്തിനുള്ള *പ്രബോധന*ത്തിന്റെ വാദങ്ങൾ ഏകപക്ഷീയമായ പൊള്ളയാണെന്ന് പറയേണ്ടിവരും.

**ആചാരി തിരുവത്ര /**

## ചരിത്രങ്ങൾ സ്മാരകങ്ങളാണ്

ഡോ. എം.എസ് ജയപ്രകാശുമായി സദ്റുദ്ദീൻ വാഴക്കാട് നടത്തിയ അഭിമുഖം നമ്മുടെ ചരിത്രത്തിലെ നെല്ലും പതിരും വേർതിരിക്കുന്നതായിരുന്നു. മിത്തുകളും യാഥാർഥ്യങ്ങളും കൂട്ടിക്കുഴച്ചാണ് പലപ്പോഴും ചരിത്രം രൂപം കൊള്ളുന്നത്. പുരാണ ഇതിഹാസങ്ങളിൽ ദശാവതാരമാണ് മുഖ്യമായ ഒരു മിത്ത്. കേരളീയ സംസ്കാരം പല പാതയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഭാഷാ സംസ്കാരത്തിനും ഒരു വ്യതിയാനം സംഭവിക്കാറുണ്ട്. എന്നാൽ, ഒരു സംസ്കാരവും മറ്റൊരു സംസ്കാരത്തെ അടിച്ചേൽപിക്കുന്ന പ്രവണത ശരിയല്ല. എവിടെ നോക്കിയാലും ചരിത്ര സംഭവങ്ങൾ ഒരു കീറാമുട്ടിയായി പലരെയും ആശയകുഴപ്പത്തിലാക്കുകയാണ്.

**പുത്തൂർ ഇബ്റാഹീം കുട്ടി /**

## ഇസ്‌ലാംവിരുദ്ധ കഥകൾ മാത്രമല്ലല്ലോ *മാതൃഭൂമി*യിൽ ഇടം കിട്ടുള്ളത്....

*പ്രബോധന*ത്തിൽ (69:45) 'ലൗ ജിഹാദ് മാതൃഭൂമി വാരികയിലെ വിശുദ്ധ മതേതര കഥയാണ്' എന്ന ബഷീർ തൃപ്പനച്ചിയുടെ ലേഖന പരാമർശത്തോട് ചെറിയൊരു വിയോജിപ്പ് രേഖപ്പെടുത്തട്ടെ. *മാതൃഭൂമി*യുടെ മതേതരവും അതോടൊപ്പം സർഗപരവുമായ നിലപാടുകളെ തീവ്ര ചിന്തകരായ എഴുത്തുകാർ പരമാവധി ചൂഷണം ചെയ്യാൻ ശ്രമിക്കാറുണ്ട്. *മാതൃഭൂമി* പെട്ടെന്ന് അതിന് വഴങ്ങുകയും ചെയ്യുന്നു. പത്രാധിപരുടെ കാഴ്ചപ്പാടുകളും ലക്ഷ്യങ്ങളും നൂറു ശതമാനവും മുസ്‌ലിംവിരുദ്ധമാണെന്ന് പറയാൻ വയ്യ. അതിനുദാഹരണമാണ് 2010 ഫെബ്രുവരി 28 (87:57 ലക്കം)-ന് ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കപ്പെട്ട ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ 'മതഭ്രാന്തൻ' എന്ന കഥ.

രാജ്യത്തിനകത്ത് ഇടക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്ഫോടനങ്ങളുടെ ഉത്സവകേന്ദ്രങ്ങൾ പലപ്പോഴും ചെന്നുടക്കാറുള്ളത് ചില അറബി നാമങ്ങളിലായിരിക്കും. അവിടെ നിന്ന് പല വശങ്ങളിലേക്കും അത് പിടിച്ചുകയറുന്നു. ഈയൊരു പശ്ചാത്തലം പ്രമേയമാക്കി പൊയ്ത്തുംകടവ് സൃഷ്ടിച്ച മനോഹരവും പുതുമയുള്ളതുമായ കഥയാണ് മതഭ്രാന്തൻ.

നഗരത്തിൽ എവിടെ നിന്നോ എത്തിപ്പെട്ട ഒരു ഭ്രാന്തൻ, സാറ്റലൈറ്റ് സംവിധാനമുള്ള കെട്ടിട സമുച്ചയത്തിന്റെ ഒരു ഭാഗത്ത് സ്ഥാപിക്കപ്പെട്ട വെയ്സ്റ്റ് വീപ്പയിൽ നിന്ന് ഉച്ചവയറിന്റെ ജഠരാഗ്നിയിൽ എച്ചിൽ പൊതി പരതുന്നതിന്റെ 40 സെക്കന്റ് മാത്രമുള്ള ഒരു ഷോട്ട് ക്യാമറയിൽ പതിഞ്ഞിരുന്നു. ശേഷം നടന്ന ഉഗ്രശേഷിയുള്ള സ്ഫോടനങ്ങളുടെ വേരുകൾ തേടി ഉദ്യോഗസ്ഥർ ചെന്നെത്തുന്നത് ഭ്രാന്തനിലാണ്. ഇടതിങ്ങി നീണ്ടുകിടക്കുന്ന താടിയും ഭ്രാന്തിന്റെ മൂർത്താവസ്ഥയിൽ ഉരുവിട്ടുപോയ 'കില്‍ജി' എന്ന പേരും മതിയായ തെളിവുകളായിരുന്നു. ചാനലുകളുടെ രംഗപ്രവേശത്തോടെ ചൂടുപിടിച്ച വാർത്തകളിലെ മിന്നിമറയുന്ന ചിത്രങ്ങളിൽ കിൽജിയുടെ മഹത്തായ താടി കയറിയിറങ്ങി. ഒരു തിരക്കഥ പോലെ എല്ലാം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞപ്പോഴാണറിയുന്നത് കിൽജി ചേലാകർമം ചെയ്തിരുന്നില്ലെന്ന്. തുരുമ്പു കയറിയ ഒരു ക്ഷൗരക്കത്തികൊണ്ട് അതും നിർവഹിക്കപ്പെട്ടു.

ഇന്ദുമേനോന്റെ 'മരണവേട്ട' പോലെ തികച്ചും വംശീയ പക്ഷം ചേർന്നുകൊണ്ടുള്ള രചനകൾ തൊണ്ണൂറുകളിൽ *മാതൃഭൂമി*യിൽ സജീവമായിരുന്നുവെന്ന കാര്യം വിസ്മരിക്കുന്നില്ല. *മാതൃഭൂമി* മാത്രമല്ല, പൊതുബോധത്തിൽ ആവർത്തിച്ചുറപ്പിക്കപ്പെട്ട മുൻധാരണയുടെ ഫലമായി എല്ലാ മാധ്യമങ്ങളും പിന്തുടരുന്ന രീതിയാണിത്.




**രാജ്യം** വർഗീയ ഭ്രാന്തനായി കാണുന്ന നരേന്ദ്ര മോഡിയെ ശ്രീനാരായണ ഗുരുവിന്റെ കർമഭൂമിയും സമാധി സ്ഥലവുമായ ശിവഗിരി മഠത്തിലേക്ക് സന്യാസിമാർ ക്ഷണിച്ചു വരുത്തിയത് കേരളത്തിന് അപമാനമാണ്. ലോകം മുഴുവൻ വെറുക്കുന്ന നരേന്ദ്രമോഡിയെ ശിവഗിരിയിലെത്തിച്ച് ശ്രീനാരായണ പ്രസ്ഥാനത്തെ കാവിവത്കരിക്കുക വഴി സ്വാമി ശാശ്വതീകാനന്ദ നിലനിർത്തിയ മതേതര സംസ്കാരം തകർക്കാനാണ് ഇപ്പോഴത്തെ സന്യാസി സംഘം ശ്രമിക്കുന്നത്. ശിവഗിരി ഹിന്ദുമഠമല്ലെന്നും ഗുരു ഹിന്ദു സന്യാസിയല്ലെന്നും ശിവഗിരി കേസിൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധി തമസ്കരിക്കുന്നത് അവിവേകമാണ്. നാമായി ഒരു മതത്തിലും പെടില്ലെന്നും മതമേതായാലും മനുഷ്യൻ നന്നായാൽ മതിയെന്നും പ്രഖ്യാപിച്ച ഗുരുവിനെ ഹിന്ദുത്വത്തിന്റെ ഭാഗമാക്കുന്നതിന് ഒരു ന്യായീകരണവുമില്ല. സുകുമാർ അഴീക്കോട് പറഞ്ഞതുപോലെ ശിവഗിരിയെ 'ശവഗിരി'യാക്കാനുള്ള നീക്കമാണ് നടക്കുന്നത്. മോഡിയും മറ്റും പ്രതിനിധീകരിക്കുന്ന ഹിന്ദുത്വവാദികളുടെ നോട്ടം പിറകോട്ടാണ്. ഭൂതകാല പ്രതാപത്തെയും വർണ മേധാവിത്വത്തെയും വീണ്ടെടുക്കാനുള്ള ജുഗുപ്സാവഹമായ പരിപാടിയുടെ മറ്റൊരു കേന്ദ്രമായി ശിവഗിരിയെ മാറ്റിയെടുക്കാനുള്ള ഈ നീക്കം ജനാധിപത്യ മതേതര വിശ്വാസികൾ പരാജയപ്പെടുത്തും.

**സി.കെ മുജീബുർറഹ്മാൻ വാഴക്കാട് /**

## മതേതര കേരളത്തിന്റെ അതിഥിയാകാൻ മോഡിക്ക് എന്ത് അർഹത?

**ഒ.സി മുഹമ്മദ് കാരശ്ശേരി /**

## സി.എച്ച് സെന്ററിനെ ഒഴിവാക്കിയതിന് ന്യായങ്ങളില്ല

**2013** ഏപ്രിൽ 13-ന് ഇറങ്ങിയ *പ്രബോധനം* വാരിക 'കാരുണ്യത്തിന്റെ നന്മ മരങ്ങൾ' എന്ന ശീർഷകത്തിൽ ലോകത്തിന് മാതൃകയായ കേരളത്തിലെ പെയിൻ ആന്റ് പാലിയേറ്റീവ് പ്രസ്ഥാനത്തെ സമഗ്രമായി പരിചയപ്പെടുത്തി. കേരളത്തിലെ ഒട്ടുമിക്ക സംരംഭങ്ങളെക്കുറിച്ച് അതിൽ പറയുന്നുണ്ട്. എന്നാൽ, സി.എച്ച് മുഹമ്മദ് കോയയാണ് കേരളത്തിൽ പെയിൻ ആന്റ് പാലിയേറ്റീവ് പ്രസ്ഥാനത്തിന് തന്റെ മാസ്മരിക പ്രസംഗത്തിലൂടെ പ്രചാരണം നൽകിയ പ്രധാന വ്യക്തി. രാത്രിയുടെ അന്ത്യയാമങ്ങളിൽ ചുമലിൽ ആഹാരപാനീയങ്ങൾ ചുമന്ന് പട്ടിണി കിടക്കുന്ന കുടുംബങ്ങളിലെത്തിച്ചുകൊടുത്ത ഖലീഫ ഉമറിന്റെയും ഭാര്യയുടെയും ചരിത്രം പറഞ്ഞാണ് സി.എച്ച് കേരളത്തിലുടനീളം റിലീഫ് സെന്ററുകളും യതീംഖാനകളും അഗതി മന്ദിരങ്ങളും പടുത്തുയർത്തിയത്. ദാനധർമത്തിന്റെ പ്രാധാന്യം അദ്ദേഹം മനസ്സിൽ തട്ടുംവിധം വിവരിക്കും. തന്റെ തൊപ്പിയിൽ സംഭാവനകൾ സ്വീകരിക്കും. ഇങ്ങനെയാണ് റിലീഫ്-യതീംഖാന സംരംഭങ്ങൾക്ക് പണം ശേഖരിച്ചിരുന്നത്.

ജീവിച്ചിരിക്കുന്ന കാലത്ത് അദ്ദേഹം കോഴിക്കോട് മെഡിക്കൽ കോളേജിൽ സൗജന്യ ചികിത്സക്ക് സൗകര്യമൊരുക്കാനും മരുന്നു ലഭ്യമാക്കാനും കിണഞ്ഞു ശ്രമിച്ചിട്ടുണ്ട്. അനാഥ മുസ്‌ലിം മയ്യിത്ത് മതാചാര പ്രകാരം ഖബ്‌റടക്കാനുള്ള സൗകര്യം സി.എച്ച് ഏർപ്പെടുത്തിയിരുന്നു.

സി.എച്ചിന്റെ പേരിൽ കോഴിക്കോട് മെഡിക്കൽ കോളേജിലും തിരുവനന്തപുരം കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലും മുസ്‌ലിം ലീഗിന്റെ സംസ്ഥാന കമ്മിറ്റിയുടെ കീഴിൽ വിപുലമായ പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ സൗജന്യ ഡയാലിസിസ് സെന്റർ *പ്രബോധനം* കാണാതെ പോയത് പ്രതിഷേധാർഹമാണ്. മുസ്‌ലിം ലീഗ് ശാഖാ, പഞ്ചായത്ത്, മണ്ഡലം, ജില്ലാതലങ്ങളിലും ഇത്തരം പ്രവർത്തനങ്ങൾ മാതൃകാപരമായി നടത്തുന്നുണ്ട്. ശിഹാബ് തങ്ങൾ ഭവന പദ്ധതി, സമൂഹ വിവാഹം, കെ.എം.സി.സിയുടെ നേതൃത്വത്തിൽ വിദേശത്തുള്ള സേവനങ്ങൾ ഇവയൊക്കെ എടുത്തു പറയേണ്ടതാണ്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ നേതൃത്വം നൽകുന്ന സുന്നി യുവജന സംഘത്തിന്റെ കീഴിലുള്ള 'സഹായി'യുടെ സേവനങ്ങളും എടുത്തു പറയേണ്ടതാണ്. സൗജന്യ മരുന്ന് വിതരണം, സൗജന്യ ആംബുലൻസ് സേവനം, ഡയാലിസിസിനും ഓപ്പറേഷനുമുള്ള സാമ്പത്തിക സഹായം, പരിശുദ്ധ റമദാനിൽ അത്താഴത്തിനും ഇഫ്ത്താറിനുമുള്ള സൗകര്യം, സൗജന്യ ഭക്ഷണ വിതരണം ഇതും *പ്രബോധനം* കാണാതെ പോയി. ഒട്ടേറെ അമുസ്‌ലിം വ്യക്തികളും സംഘടനകളും-പ്രത്യേകിച്ച് ക്രിസ്ത്യൻ സംഘടനകൾ-നടത്തുന്ന സേവനങ്ങളും കാണാതെ പോകരുത്.